(സി, ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. †

എക്സ്പ്രസ്ഹൈവേ നിർമ്മാണ പ്രവർത്തനം

27 [579] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സ്പ്രസ് ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ലോകബാങ്ക് സഹായത്തോടെ പുതുക്കിപ്പണി നിർവ്വഹിച്ചത് എത്ര കിലോ മീറ്റർ ദൂരം റോഡുകളായിരുന്നു; ഇവ ഏതൊക്കെ ജില്ലകളിലെ എത്ര കിലോ മീറ്റർ വീതം വരുന്ന ഏതൊക്കെ റോഡുകളായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ തുടർന്നുണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റോഡ് നവീകരണത്തിനായി ലോകബാങ്കിൽനിന്നും എത്ര തുകയാണ് വായ്പയായി ലഭിച്ചത്; ഇതിന്റെ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ദീർഘദൂര അതിവേഗ പാത നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) 339.1 കി. മീ. ദൂരം റോഡുകൾ. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. † †

(സി) ഒരു വർഷത്തിനകം ഈ റോഡുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ കരാറുകാരൻ തന്നെ ചെയ്യുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

(ഡി) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന റോഡ് വികസന പദ്ധതിക്ക് 1250 കോടി രൂപ ലോകബാങ്കിൽനിന്നും വായ്പ അനുവദിച്ചിട്ടുണ്ട്. വായ്പ തുകയായി ഇതേവരെ 112.26 കോടി രൂപ ലോകബാങ്കിൽനിന്നും ലഭിച്ചിട്ടുണ്ട്. 2007 മുതൽ 15 വർഷം കൊണ്ട് 11½ % പലിശ സഹിതം വായ്പ തിരിച്ചടയ്ക്കണം. വായ്പ തുകയിൽ 30% തുക ഗ്രാന്റായിരിക്കും.

---

† അനുബന്ധം VA

† † ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly